പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1854 08.06.2018-ലെ മറുപടിക്ക്

## റോഡ് സുരക്ഷ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ

ചോദ്യം

ശ്രീ. സി.കെ. ഹരീന്ദ്രൻ
" കെ. ദാസൻ
" പി.വി. അൻവർ
" മുരളി പെരുനെല്ലി

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് റോഡപകടങ്ങളും അതുമൂലമുണ്ടാകുന്ന മരണനിരക്കും ഗണ്യമായി കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | ട്രാഫിക് സിഗ്നൽ ലൈറ്റുകൾ, നിരീക്ഷണ ക്യാമറകൾ, ദിശാബോർഡുകൾ, റോഡ് മാർക്കിംഗ്, റിഫ്ലക്ടീവ് സ്റ്റഡ് എന്നിവ സ്ഥാപിക്കൽ, ട്രോമകെയർ സംവിധാനം ഏർപ്പെടുത്തൽ, Intercepter വാഹനങ്ങൾ, ആംബുലൻസ്, ആൽകോമീറ്റർ എന്നിവയുടെ വാങ്ങൽ, ബോധവൽക്കരണ പരിപാടികൾ എന്നിവയാണ് പ്രധാനമായും കേരള റോഡ് സുരക്ഷാ അതോറിറ്റി, റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിന് നടപ്പാക്കുന്ന പദ്ധതികൾ. നാറ്റ്പാക് മുഖേന സംസ്ഥാനത്തെ പാതകളിൽ 275 ബ്ലാക്ക് സ്പോട്ട് കണ്ടെത്തിയിട്ടുണ്ട്. അപകടമരണങ്ങൾ കൂടുതൽ നടന്ന സ്ഥലങ്ങളെയാണ് Black Spot-ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 159 എണ്ണം ദേശീയ പാതയിലാണ്. ഇതരപാതകളിൽപ്പെടുന്ന 116 എണ്ണത്തിൽ പൊതുമരാമത്ത് വകുപ്പ് മുൻഗണനാക്രമം നൽകിയ 46 പാതകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ മോട്ടോർ വാഹന- പോലീസ്- പൊതുമരാമത്ത് വകുപ്പുകളുടെ സഹായത്തോടെ അപകട നിർമ്മാർജ്ജനം ലക്ഷ്യമിട്ട് പരിശോധന നടത്തിയിട്ടുണ്ട്. റോഡ് സുരക്ഷാ അതോറിറ്റിയിലെ സാങ്കേതിക സഹായ വിഭാഗം നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലാ കളക്ടർമാർ അദ്ധ്യക്ഷന്മാരായുള്ള ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് റോഡപകടനിരക്ക് 10% എങ്കിലും കുറയ്ക്കുകയെന്ന ലക്ഷ്യം മുൻനിർത്തി |
| (ബി) | ഈ രംഗത്ത് കേരള റോഡ് സുരക്ഷ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | ടാർജറ്റ് നൽകിയിട്ടുണ്ട്. മാത്രവുമല്ല, എല്ലാ മാസവും രണ്ടാം ബുധനാഴ്ച്ച കൗൺസിലുകളുടെ യോഗം ചേരാനും അടിയന്തിര നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യാനും ആവശ്യപ്പെട്ടിട്ടുണ്ട്.<br>അമിതവേഗതയും മറ്റ് ഗതാഗത നിയമലംഘനങ്ങളുൾപ്പടെയുള്ള ട്രാഫിക് കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരുന്നതിന് എൻഫോഴ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അമിതവേഗത, വാഹനമോടിയ്ക്കുവേയുള്ള മൊബൈൽ ഫോൺ ഉപയോഗം, ചരക്കുവാഹനങ്ങളിലെ അമിതഭാരം കയറ്റൽ തുടങ്ങിയ ഗതാഗത കുറ്റകൃത്യങ്ങളിലുൾപ്പെട്ട ഡ്രൈവർമാർക്കെതിരേ ലൈസൻസ് റദ്ദാക്കൽ ഉൾപ്പെടെയുള്ള നടപടികൾ മോട്ടോർ വാഹന-പോലീസ് വകുപ്പുകൾ സ്വീകരിച്ചുവരുന്നു. സ്പീഡ് ഗവർണർ ഘടിപ്പിക്കാത്ത ഒരു വാഹനത്തിനും മോട്ടോർ വാഹന വകുപ്പ് ഫിറ്റനസ് സർട്ടിഫിക്കറ്റ് നൽകുന്നില്ല.<br>കഴക്കൂട്ടം-അടൂർ "മോഡൽ സേഫ് കോറിഡോർ ഡെമോൺസ്ട്രേഷൻ പ്രോജക്ട്" നടപ്പിൽ വരുത്തുന്നതിനുവേണ്ട സാങ്കേതിക സഹായം കേരള റോഡ് സുരക്ഷാ അതോറിറ്റിയിലെ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് കെ.എസ്.റ്റി.പി.യ്ക്ക് നൽകിവരുന്നു. |
| (സി) | പ്രസ്തുത അതോറിറ്റി നിരത്തിലെ മരണനിരക്ക് കുറയ്ക്കുന്നതിനായി ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ സുരക്ഷ വീഥി പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; | (സി) | "സുരക്ഷാ വീഥി പദ്ധതി" യുമായി ബന്ധപ്പെട്ട പ്രൊജക്ട് റിപ്പോർട്ടും എസ്റ്റിമേറ്റും തയ്യാറാക്കി സമർപ്പിക്കുവാൻ 18.11.2017-ൽ ചേർന്ന 33-ാമത് കേരള റോഡ് സുരക്ഷാ അതോറിറ്റി യോഗം ആരോഗ്യ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | റോഡ് സുരക്ഷയുടെ ഭാഗമായി നടപ്പാക്കി വരുന്ന മോഡൽ സേഫ് കോറിഡോർ പദ്ധതി സംസ്ഥാനമാകെ വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഡി) | സേഫ് കോറിഡോർ പദ്ധതി കെ.എസ്.ടി.പി.യുടെ ചലഞ്ച് ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിൽ വരുത്തുന്നതിനായി ശിപാർശകൾ സമർപ്പിക്കുവാൻ ജില്ലാ കലക്ടർമാർ അദ്ധ്യക്ഷനായ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളോടഭ്യർത്ഥിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**